# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)

## വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത് / സ്ഥാപിതമായത്.)

ടെലിഫോൺ നംബർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in

## സാന്നിദ്ധ്യം

| | | |
|---|---|---|
| സാജമ്മ. ജെ. പുന്നൂർ | : | അദ്ധ്യക്ഷ |
| ആൻസി പോൾ . സി | : | അംഗം |
| ഫ്രാൻസിസ്. എ. സി | : | അംഗം |

**ഒ.പി. നം. 105 /2023-24**

പരാതിക്കാരൻ :

1. **ശ്രീ. അബ്ദുൾ അസീസ്. യു, ഉള്ളിയൂറ ഹൗസ്, വള്ളിയാട് പി. ഒ, വില്ല്യാപിള്ളി (വഴി), വടകര, കോഴിക്കോട്.**

എതിർകക്ഷികൾ :

1. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വടകര നോർത്ത്, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്– ജില്ല.**

2. **അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ,ആയഞ്ചേരി, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്– ജില്ല.**

# ഉത്തരവ്

പരാതി:-

പരാതിക്കാരൻ ഉൾപ്പെടെ പരാതിയിൽ ഒപ്പിട്ടിട്ടുള്ള 14 പേരും ഇലക്ട്രിക്കൽ സെക്ഷൻ ആയഞ്ചേരിയുടെ ഉപഭോക്താക്കളാണ്. പരാതിക്കാരുടെ പ്രദേശത്ത് വളരെകാലമായി വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുകയാണെന്നും പരാതിക്കാർക്ക് വളരെ അധികം ബുദ്ധിമുട്ടുകൾ ഉണ്ടെന്നും, ആയതിനാൽ എത്രയും വേഗം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ ചെയ്തുതരണം എന്നതുമാണ് പരാതി.

പരാതിക്കാരന്റെ വിശദീകരണം:-

പരാതിക്കാരന്റെ പ്രദേശത്ത് വളരെകാലമായി വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുകയാണെന്നും പകൽസമയത്ത് പോലും വോൾട്ടേജ് കുറവാണെന്നും വോൾട്ടേജ് ക്ഷാമം കാരണം രാത്രിയിൽ വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നും ഇനിവരുന്ന പരീക്ഷാകാലയളവിൽ ഇത് ബുദ്ധിമുട്ടുണ്ടാക്കുമെന്നും പ്രദേശവാസികളുടെ വൈദ്യുതോപകരണങ്ങളും അനുബന്ധഉപകരണങ്ങളും ഈ കാരണത്താൽ നശിക്കപ്പെടുകയാണെന്നും പരാതിക്കാരൻ ബോധിപ്പിക്കുന്നു. ആയതിനാൽ വോൾട്ടേജ് ക്ഷാമം പരിഹരിച്ചുതരുന്നതിനുള്ള അടിയന്തിര നടപടികൾ ചെയ്തുതരണമെന്ന് പരാതിക്കാരൻ അപേക്ഷിക്കുന്നു.

എതിർകക്ഷിയുടെ വിശദീകരണം :-

പരാതിക്കാരൻ ഉൾപ്പെടെ പരാതിയിൽ ഒപ്പിട്ട എല്ലാ ഉപഭോക്താക്കളും ആയഞ്ചേരി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽപ്പെട്ടവരാണെന്നും പരാതി ലഭിച്ചശേഷം ടി പ്രദേശം സന്ദർശിക്കുകയും, പരിശോധനയിൽ പകൽ സമയങ്ങളിൽ പരമാവധി 215 ഉം രാത്രിയിൽ 185 ഉം വോൾട്ടേജ് ആണുള്ളതെന്നും വേനൽ കാലത്ത് സാധാരണയിൽ താഴെയാണ് ഇവിടെ വോൾട്ടേജ് രേഖപ്പെടുത്തുന്നതെന്നും എതിർകക്ഷി സമ്മതിക്കുന്നുണ്ട്. ഈ വർഷത്തെ സമ്മർ സീസണിൽ സിസ്റ്റം വോൾട്ടേജിലും കുറവുണ്ട്.

100KVA വലിയാട് ട്രാൻസ്ഫോർമറിൽ നിന്നുള്ള LT സിംഗിൾ ഫേസ് ലൈൻ വഴിയാണ് പരാതിക്കാർക്ക് LT സപ്ലൈ ചെയ്യുന്നത്. പരാതിക്കാർ ഈ ലൈനിന്റെ അവസാനഭാഗത്തുള്ള ഉപഭോക്താക്കളാണ്, ടി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

പരിഹരിക്കുന്നതിന് LT ABC ഉപയോഗിച്ച് LT സിംഗിൾ ഫേസിൽ ലൈനിൽ നിന്ന് LT ത്രീ ഫേസിലേക്ക് ഉയർത്തുന്നതിന് 2024-25 വർഷത്തെ ദ്യുതി II പദ്ധതിയിൽ വർക്ക് ഉൾപ്പെടുത്തിയിട്ടുമുണ്ട്. മേൽ പ്രസ്താവന സ്വീകരിച്ച് പരാതി തള്ളിക്കളയണമെന്ന് എതിർകക്ഷി ഫോറത്തോട് അപേക്ഷിക്കുന്നു.

അവലോകനവും കണ്ടെത്തലും:-

ഈ കേസിന്റെ വിചാരണ 24-04-2024 ന് കോഴിക്കോട് സി ജി ആർ എഫിലെ കോർട്ട് ഹാളിൽ വച്ച് നടന്നു. പരാതിക്കാരനും എതിർകക്ഷിയും വിചാരണയിൽ ഹാജരായിരുന്നു. വിചാരണ സമയത്ത് ഹാജരാക്കിയ രേഖകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടു. പരാതിക്കാർ ആയഞ്ചേരി സെക്ഷന്റെ കീഴിലുള്ള LT ഉപഭോക്താക്കളാണ്. പരാതിക്കാരുടെ പ്രദേശത്ത് രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്നതായി പരാതിക്കാരൻ അറിയിച്ചു. കുട്ടികൾക്ക് പഠിക്കാനും വീട്ടിലെ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും വോൾട്ടേജ് ക്ഷാമം കാരണം ബുദ്ധിമുട്ടനുഭവപ്പെടുന്നതായി പരാതിക്കാർ അറിയിച്ചു.

പരാതിക്കാരുടെ പ്രദേശത്ത് പരിശോധന നടത്തിയപ്പോൾ day peak ൽ 215 V ഉം night peak 185 V ഉം രേഖപ്പെടുത്തിയതായി എതിർകക്ഷി അറിയിച്ചു. കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 സെക്ഷൻ 7(i) പ്രകാരം സപ്ലൈ വോൾട്ടേജായ 240 V അല്ലെങ്കിൽ 240 V ൽ നിന്നും പരമാവധി $\pm$ 6% വ്യത്യാസത്തിൽ സപ്ലൈ നൽകാൻ എതിർകക്ഷി ബാദ്ധ്യസ്ഥനാണ്.

രൂക്ഷമായ വേനൽ കാലത്തെ അധിക ലോഡ് സപ്ലൈ വോൾട്ടേജിനെ ബാധിച്ചതായി എതിർകക്ഷി അറിയിച്ചു. പരാതിക്കാർ 100KVA വലിയാട് ട്രാൻസ്ഫോർമറിൽ നിന്നുള്ള ഫാഗ് എൻഡ് ഉപഭോക്താക്കളാണെന്നും LT സിംഗിൾ ഫേസ് ലൈനിലൂടെയാണ് പരാതിക്കാർക്ക് സപ്ലൈ നൽകുന്നതെന്നും എതിർകക്ഷി അറിയിച്ചു. പരാതിക്കാർക്ക് വിതരണം ചെയ്യുന്ന LT സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആയി ഉയർത്തിയാൽ പരാതിക്കാരുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടും എന്നും ആയതിലേക്ക് LT സിംഗിൾ ഫേസ് ലൈനിനെ LT ABC ഉപയോഗിച്ച് LT ത്രീ ഫേസ് ലൈൻ ആക്കി ഉയർത്താനുള്ള ജോലി 2024-25 വർഷത്തെ ദ്യുതി II പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എതിർകക്ഷി അറിയിച്ചു. ടി വർക്ക് എത്രയും പെട്ടെന്ന്

മുൻഗണനാക്രമത്തിൽ പൂർത്തീകരിച്ച് പരാതിക്കാരുടെ പ്രശ്നം പരിഹരിക്കേണ്ടതാണെന്ന് ഫോറം ഉത്തരവാക്കുന്നു.

പരാതി മേൽ പറഞ്ഞ പ്രകാരം തീർപ്പാക്കി ഫോറം ഉത്തരവാക്കുന്നു.

രണ്ടായിരത്തി ഇരുപത്തി നാലാമാണ്ട് മെയ്യ് മാസം 15 –)0 തിയ്യതി.

| Sd/- | Sd/- | Sd/- |
|---|---|---|
| ഫ്രാൻസിസ്. എ. സി, | ആൻസി പോൾ . സി, | സാജമ്മ. ജെ. പുന്നൂർ |
| അംഗം | അംഗം | അദ്ധ്യക്ഷ |

Endt.on CGRF-NR/OP 105/2023-24/61 15 / 05 /2024

അയയ്ക്കുന്നത്:

1. ശ്രീ. അബ്ദുൾ അസീസ്. യു,
ഉള്ളിയൂറ ഹൗസ്,
വളളിയാട് പി. ഒ,
വില്ല്യാപിളളി (വഴി),
വടകര, കോഴിക്കോട്.

ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് /പരാതിക്കാരിയ്ക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ ഉത്തരവ് ലഭിച്ച്30 ദിവസത്തിനകം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, ഡി.എച്ച് റോഡ്, ഓഫ്ഷോർ റോഡ് ജംഗ്ഷൻ, ഗാന്ധി സ്ക്വെയറിന് സമീപം
എറണാകുളം,കേരള– 682016
(ഫോൺ 0484- 2346488)

2. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻഞ്ചിനീയർ,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കെ.എസ്.ഇ.ബി ലിമിറ്റഡ്,
വടകര നോർത്ത്, കോഴിക്കോട്.ജില്ല.

കോപ്പി സമർപ്പിക്കുന്നത് :
ചീഫ് എൻഞ്ചിനീയർ(ഡിസ്ട്രിബ്യൂഷൻ - നോർത്ത് ), കോഴിക്കോട് .

കോപ്പി സമർപ്പിക്കുന്നത് :

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
വൈദ്യുതിഭവനം,തിരുവനന്തപുരം.

2. ഡെപ്യൂട്ടി ചീഫ് എൻഞ്ചിനീയർ
ഇലക്ട്രിക്കൽ സർക്കിൾ, വടകര,
കെ.എസ്.ഇ.ബി ലിമിറ്റഡ്,കോഴിക്കോട്

3. എക്സിക്യൂട്ടീവ് എൻഞ്ചിനീയർ
ഇലക്ട്രിക്കൽ ഡിവിഷൻ, വടകര,
കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്. ജില്ല.

4. അസിസ്റ്റൻറ് എൻജിനീയർ,
ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി
ലിമിറ്റഡ്, ആയഞ്ചേരി, കോഴിക്കോട്. ജില്ല.

Forwarded
Sd/-
Chairperson